# ഭാരതീയ ജനതാ പാർട്ടി

(സെൻട്രൽ ഓഫീസ്)
11 അശോകാ റോഡ്, ന്യൂദൽഹി
ഫോൺ–23005700, ഫാക്സ്– 23005787

ജനുവരി 19, 2013

**ബിജെപി മുഖ്യവക്താവും ഉപനേതാവും (രാജ്യസഭ) ആയ ശ്രീ രവിശങ്കർ പ്രസാദ് നടത്തിയ പ്രസ്താവന**

ജയ്പൂരിൽ കോൺഗ്രസ് പർട്ടി നടത്തിയ ചിന്തൻ ശിബിരം ആത്മവിമർശനത്തിനു പകരം സ്വന്തം പാർട്ടിയുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകളുടെ ചിന്താവേളയായി. യുപിഎ ഭരണം ഒമ്പതുവർഷം പിന്നിടുമ്പോൾ എന്തുകൊണ്ടാണ് സോണിയാ ഗാന്ധി വിലക്കയറ്റത്തിലും നാണ്യപ്പെരുപ്പത്തിലും പൊറുതി മുട്ടുന്ന രാജ്യത്തെ ജനസംഖ്യയുടെ 50 ശതമാനം (25 വയസിനു താഴെ)യുള്ളവരും 60 ശതമാനം (35 വയസിനു താഴെ)യുള്ളവരുമായ യുവാക്കുളുടെയും മദ്ധ്യവർഗ്ഗ വിഭാഗത്തിന്റെയും ദരിദ്രരുടെയും പ്രതീക്ഷകളെക്കുറിച്ച് ഉത്കണ്ഠപ്പെടുന്നത്.

രാജ്യത്തെ വിദ്യാസമ്പന്നരായ യുവാക്കളുടെ ജീവിത സുരക്ഷയുടെ കാര്യത്തിൽ സുപ്രധാനമായ തൊഴിൽ നൽകുന്നതിൽ കഴിഞ്ഞ കാലത്തിനിടെ എന്തുചെയ്തു, എത്രചെയ്തുവെന്നു പറയാൻ സോണിയാ ഗാന്ധി ബാധ്യസ്ഥയാണ്. 100 ദിവസത്തിനകം വിലക്കയറ്റവും നാണ്യപ്പെരുപ്പവും നിയന്ത്രിക്കുമെന്നു പറഞ്ഞിട്ട് നാലഞ്ചുവർഷമായിട്ടും അതിനു സാധിച്ചില്ല. ഇന്ന് ആഭ്യന്തര വളർച്ച 5.3 % ആയി ചുരുങ്ങി. വ്യാവസായിക ഉൽപ്പാദനവും അത്യധികം കുറഞ്ഞ തോതിലായി. കയറ്റിറക്കുമതികൾ കുറഞ്ഞു. ആഭ്യന്തര -വിദേശ നിക്ഷേപങ്ങൾ അമ്പേ പിന്നാക്കം പോയി. ഇൻഡ്യയുടെ വളർച്ചയുടെ കഥയിപ്പോൾ ചോദ്യം ചെയ്യപ്പെടുന്ന നിലയിലായി. പൊതു തെരഞ്ഞെടുപ്പ് ഒരു വർഷം മാത്രം അകലെയായപ്പോഴാണ് ഗസാണിയാ ഗാന്ധി പാവപ്പെട്ടവരുടെയും യുവാക്കളുടെയും പ്രശ്നങ്ങളെക്കുറിച്ച് ഉത്കണ്ഠപ്പെടുന്നത്.

അഴിമതിയെക്കുറിച്ചുള്ള അടിസ്ഥാന പ്രശ്നം സോണിയാ നയവൈകല്യം, അഴിമതിക്കാരെ സംരക്ഷിക്കുന്ന നാണംകെട്ട നിലപാട് തുടങ്ങിയ പ്രശ്നങ്ങളെക്കുറിച്ച് സോണിയാ ഗാന്ധി മനപൂർവം മറവി ഭാവിച്ചു. സദ്ഭരണം യുപിഎ സർക്കാരിന് ഇല്ലേയില്ല. അഴിമതി സർവവ്യാപകമാകുമ്പോൾ അതിന്റെ ദോഷം മുഴുവൻ അനുഭവികേകണ്ടി വരുന്നത് യുവാക്കളാണ്.

ഈ പ്രശ്നങ്ങൾ ഇങ്ങനെയൊക്കെ നടക്കുമ്പോൾ ഗുജറാത്ത്, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഢ്, ബീഹാർ, പഞ്ചാബ് എന്നിവിടങ്ങളിലെ ബിജെപി സർക്കാരുകൾ പ്രശംസനീയമായ നിലയിൽ 10% വളർച്ചാ നിരക്ക് കാണിക്കുകയാണ്, ദേശീയ തലത്തിൽ പ്രധാനമന്ത്രി 5.3% -ൽ താഴെ നിൽക്കുമ്പോൾ. ഇതു കാണിക്കുന്നത് സദ്ഭരണത്തിന്റെ വ്യത്യാസമാണ്.

രാഹുൽ ഗാന്ധിയുടെ പങ്കാളിത്തം വർദ്ധിപ്പിച്ചതുകൊണ്ടു മാത്രം രാജ്യത്തെ യുവാക്കളുടെ പ്രശ്നം പരിഹരിക്കാനാവില്ല. രാഹുൽ പ്രശ്നം ഇൻഡ്യൻ ജനതയെ സംബന്ധിച്ചിടത്തോളം തീരെ അപ്രധാനമായ കാര്യമാണ്. തെരഞ്ഞെടുപ്പു വരുന്ന സാഹചര്യത്തിൽ ഒരു സദ്ഭരണത്തിനു വേണ്ടി ജനങ്ങൾ ബിജെപി നയിക്കുന്ന എൻഡിഎയെ കേന്ദ്രത്തിൽ അധികാരത്തിലേറ്റാൻ തീരുമാനിച്ചു കഴിഞ്ഞിരിക്കുകയാണ്.

**(ഒ.പി.കോഹ്ലി)**

ഹെഡ്ക്വാർട്ടേഴ്സ് ഇൻചാർജ്